സംരംഭകത്വവും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭകർക്ക് ഒരു എക്സ്പോഷർ നൽകുക, ഇവർക്കായി ഏയ്ഞ്ചൽ ഇൻവെസ്റ്റേഴ്സിനെ കണ്ടുപിടിക്കുക എന്നതിനും യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ് മുഖേന സാധിക്കുന്നതാണ്. എല്ലാ മേഖലയിലുമുള്ള കൂടുതൽ യുവസംരംഭകരെ ആകർഷിക്കുന്നതിനും ധനസഹായം നൽകുന്നതിനുള്ള ഇൻവെസ്റ്റേഴ്സിനെ കണ്ടുപിടിക്കുന്നതിനും സാധിക്കുന്നു. കൂടാതെ യുവസംരംഭകത്വത്തിലേക്ക് വന്നിട്ടുള്ളവർക്ക് വെഞ്ചർ ക്യാപിറ്റൽ ഫണ്ടിനുവേണ്ടി സഹായം നൽകാൻ തയ്യാറുള്ളവരുമായി അവരെ ബന്ധിപ്പിക്കുന്നതിനും സഹായിക്കുന്നു.

(സി) ഈ സമ്മിറ്റുമായി സഹകരിക്കുന്നത്, ടെക്നോപാർക്ക്-ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ, ഇൻഫോ പാർക്ക്, സ്റ്റാർട്ടപ്പ് വില്ലേജ് എന്നിവരാണ്.

(ഡി) യെസ് (യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ്)-ന്റെ ലോഗോ പ്രകാശനവും പ്രഖ്യാപനവും ഈ കഴിഞ്ഞ് ജൂൺമാസം 17-ാം തീയതി ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ബഹു.വ്യവസായ ഐ. ടി. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു. മറ്റ് പ്രചാരണ പരിപാടികൾ ആരംഭിച്ചിട്ടില്ല.

ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി

8 (*608) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിൻകീഴിൽ വരുന്ന KSFE, KFC തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളിലൂടെ കൂടുതൽ വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇത്തരം ധനകാര്യ സ്ഥാപനങ്ങൾവഴി നൽകുന്ന ലോണുകളുടെ പലിശ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒരു ശതമാനം എങ്കിലും പലിശ ഇളവ് ചെയ്തുനൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കെഎസ്എഫ്ഇയുടെ സേവനം കേരളത്തിലെ മുഴുവൻ ജനങ്ങളിലും എത്തിക്കുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ശാഖകൾ ആരംഭിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. ഇതിന്റെ ഭാഗമായി 123 പുതിയ ശാഖകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെയും കർഷിതാക്കളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിദ്യാധനം, എഡ്യൂകെയർ എന്നീ പദ്ധതികൾ രൂപീകരിക്കുന്നതിന് കെ. എസ്.എഫ്. ഇ.യ്ക്ക് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര ചിട്ടിനിയമം,1982 പ്രകാരം ചിട്ടിയേതര ബിസിനസ് ചെയ്യുവാൻ പാടില്ലെന്നും സ്ഥാപനത്തിന്റെ പേരിനോടൊപ്പം കുറി /ചിട്ടി എന്ന നാമകരണം വേണമെന്നുള്ള നിബന്ധനയിൽനിന്നും കെ.എസ്.എഫ്.ഇ.യ്ക്ക് പ്രത്യേക ഇളവ് അനുവദിച്ചിട്ടുണ്ട്. അഞ്ചുവർഷംവരെ കാലാവധിയുള്ള ചിട്ടികൾ മാത്രമേ തുടങ്ങാവൂ എന്ന നിബന്ധനയിലും പിടിച്ച ചിട്ടിയുടെ തുക കൈപ്പറ്റാത്ത സാഹചര്യങ്ങളിൽ അത്തരം സംഖ്യ ബാങ്കിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥയിലും ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ ചിട്ടി സെക്യൂരിറ്റി നിക്ഷേപം മുഴുവനായി ഗവൺമെന്റ് ട്രഷറിയിൽ നിക്ഷേപിക്കുവാനും പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.യുടെ ശാക്തീകരണത്തിന്റെ ഭാഗമായി പ്രവർത്തനരീതിയും ഘടനയും പുനരാവിഷ്ക്കരിക്കുന്നത് സംബന്ധിച്ച് ഒരു പ്രൊഫഷണൽ ഏജൻസി മുഖേന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനിയുടെ വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനു വേണ്ടി ജാമ്യവ്യവസ്ഥകൾ കൂടുതൽ ലളിതമാക്കുകയും പരമാവധി ആൾജാമ്യ പരിധി പത്ത് ലക്ഷംരൂപയും സ്വത്ത് ജാമ്യപരിധി രണ്ടരക്കോടി രൂപയുമായി പുതുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ശാഖകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള "കോർ സൊല്യൂഷൻ" സോഫ്റ്റ്വെയർ വികസിപ്പിക്കുകയും ചില ശാഖകളിൽ ഉപയോഗിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ കേരള സംസ്ഥാന സംരംഭക വികസന മിഷൻ, ഇന്റർസ്റ്റ് സബ്വെൻഷൻ സ്കീം തുടങ്ങിയ രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കെ.എഫ്.സി.ക്ക് ബോണ്ടുവഴി കുറഞ്ഞ പലിശയിൽ ധനസമാഹരണത്തിന് നാന്നൂറ് കോടി രൂപയുടെ സർക്കാർ ഗ്യാരന്റി നൽകുകയുണ്ടായി. ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനായി 12.03 കോടിരൂപയും നൽകി.

(ബി) സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.യിലൂടെ കൂടുതൽ വായ്പ ലഭ്യമാക്കുന്നതിനുവേണ്ടി സ്വർണ്ണപ്പണയ വായ്പ മൂന്ന് ലക്ഷംരൂയിൽനിന്ന് ഇരുപത്തിയഞ്ച് ലക്ഷംരൂപയായും വ്യക്തിഗത/ഗൃഹോപകരണ/വാഹനവായ്പ പത്ത് ലക്ഷം രൂപയിൽനിന്നും പതിനഞ്ച് ലക്ഷംരൂപയായും ഭവനവായ്പ 25 ലക്ഷം രൂപയിൽനിന്ന് 50 ലക്ഷം രൂപയായും ചിട്ടിവായ്പ ഇരുപത്തിയഞ്ച് ലക്ഷംരൂപയിൽനിന്ന് എഴുപത്തിയഞ്ച് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സുഗമ അക്ഷയ ഓവർഡ്രാഫ്റ്റ് ഒരുലക്ഷം രൂപയിൽനിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കമ്പനിയുടെ വിവിധ തരത്തിലുള്ള വായ്പാപദ്ധതികൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുവേണ്ടി ജാമ്യവ്യവസ്ഥകൾ കൂടുതൽ ലളിതമാക്കുകയും പരമാവധി ആൾ ജാമ്യപരിധി പത്ത് ലക്ഷം രൂപയും സ്വത്ത് ജാമ്യപരിധി രണ്ടരക്കോടി രൂപയുമായി പുതുക്കുകയും ചെയ്തിട്ടുണ്ട്.

കൂടുതൽ വായ്പ ലഭ്യമാക്കുക എന്ന ലക്ഷ്യവുമായി കെ.എസ്.എഫ്.ഇ. ഭവനവായ്പ, വ്യക്തിഗത വായ്പ എന്നീ മേഖലകളിൽ പ്രത്യേകവായ്പാ മേളകൾ തെരഞ്ഞെടുക്കപ്പെട്ട ശാഖകളിലൂടെ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വായ്പാവ്യാപ്തി വർദ്ധിപ്പിക്കാനും ഉയർന്ന പലിശനിരക്കിലെ വായ്പാബാദ്ധ്യത തീർക്കാനുമായി ബോണ്ടുവഴി കുറഞ്ഞ പലിശയിൽ ധനസമാഹരണത്തിന് 2011-12-ൽ ഇരുന്നൂറ് കോടിരൂപയും 2012-13-ൽ നാന്നൂറ് കോടിരൂപയും സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. ഇതിൽ നാന്നൂറ് കോടിരൂപയുടെ ബോണ്ട് സമാഹരണം കെ.എഫ്.സി. നടത്തുകയുണ്ടായി. ബാക്കി ഇരുന്നൂറ് കോടിരൂപയുടെ ബോണ്ട് സമാഹരണം ഈവർഷം കെ.എഫ്.സി. നടത്താനുദ്ദേശിക്കുന്നു.2013-14-ൽ 989.62 കോടിരൂപയുടെ വായ്പയാണ് അനുവദിച്ചിട്ടുള്ളത്. 2014-15-ൽ 1050 കോടിരൂപയുടെ വായ്പയാണ് ലക്ഷ്യമിടുന്നത്.

(സി) കെ.എസ്.എഫ്.ഇ.യുടെ വിവിധ വായ്പകൾക്ക് ഇപ്പോഴുള്ള പലിശനിരക്ക് ഇതര സാമ്പത്തികസ്ഥാപനങ്ങളെയും ബാങ്കിംഗ് സ്ഥാപനങ്ങളെയും അപേക്ഷിച്ച് താരതമ്യേന കുറവായതിനാൽ ലോണുകളുടെ പലിശ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ ഇളവ് നൽകുന്നത് ഇപ്പോൾ പ്രായോഗികമല്ല.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴിനൽകുന്ന ലോണുകളുടെ പലിശ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒന്നര ശതമാനം മുതൽ രണ്ടു ശതമാനംവരെ പലിശ ഇളവ് ചെയ്തുനൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓൺലൈൻ സേവനങ്ങൾ

9 (*609) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതികണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈൻവഴി നൽകുന്ന പദ്ധതി വൈദ്യുതിബോർഡ് വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുതസംവിധാനം നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നപദ്ധതികൾ വൈദ്യുതി ബോർഡ് വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃതആർ.എ.പി.ഡി.ആർ.പി.(RAPDRP) വിവരസാങ്കേതിക വിദ്യപദ്ധതികൾ വൈദ്യുതിവിതരണരംഗത്ത് നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്തുടനീളം ഈ സംവിധാനം നിലവിൽവരും. അതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly